# صفات عباد الرحمان

# ഇബാദുർറഹ്മാനിന്റെ വിശേഷണങ്ങൾ


## ശൈഖ് അബ്ദുർറസ്സാഖ് അൽബദ്ർ

حفظه الله

ആശയ വിവർത്തനം:

**അനസ് അലി ബ്നു അബ്ദിർറഹ്മാൻ**

وفقه الله



بَصَائِرُ
قناة سلفية للعلوم الشرعية

Join Now t.me/baswaair

# ആമുഖം

**بسم الله الرحمان الرحيم، الحمد لله، والصلاة والسلام على رسول الله وعلى آله وصحبه ومن والاه، أما بعد:**

അല്ലാഹുവിന്റെ ഔലിയാക്കളെയും, അവന്റെ അമ്പിയാക്കളെയും അവൻ പുകഴ്ത്തിയ ഏറെ ശ്രേഷ്ഠകരവും മഹത്തരവുമായ പദവിയാണ് അല്ലാഹുവിനെ ഇബാദത്ത് ചെയ്യുക എന്നത്. അത്തരം ആളുകളെ ധാരാളം ആയത്തുകളിലൂടെ അവൻ തന്നിലേക്ക് ചേർത്തിപ്പറഞ്ഞിട്ടുണ്ട്. അത് അവർക്കുള്ള ശ്രേഷ്ഠതയും അവരുടെ ഉന്നതമായ പദവിയെ അറിയിക്കുന്നതുമാണ്.

അല്ലാഹുവിനെ ഇബാദത്ത് ചെയ്യുന്ന അവന്റെ അടിമകളുടെ വ്യത്യസ്തങ്ങളായ വിശേഷണങ്ങളും, വളരെ ശ്രേഷ്ഠമായ ചില പ്രത്യേകതകളും അനേകം തെളിവുകളിലൂടെ അല്ലാഹു നമ്മെ അറിയിക്കുന്നുണ്ട്. മുസ്‌ലിംകളായ നാമോരുരുത്തരും ആ വിശേഷണങ്ങൾ പകർത്തുവാനും, ആ ഉന്നതമായ പദവി കരസ്ഥമാക്കുവാനും വേണ്ടിയാണത്. ഒറ്റ ഘട്ടത്തിൽ തന്നെ അല്ലാഹു അവന്റെ മുഅ്മിനീങ്ങളായ അടിമകളുടെ വിശേഷണങ്ങൾ പരാമർശിച്ച വളരെ പ്രധാനപ്പെട്ട ആയത്തുകളാണ് സൂറത്തുൽ ഫുർഖാനിന്റെ അവസാനത്തിലുള്ളത്. അവർക്കുള്ള എട്ടോളം പ്രത്യേകതകൾ നമുക്ക് അവിടെ കാണാം. അല്ലാഹു ഇപ്രകാരമാണ് ആ ആയത്തുകൾ ആരംഭിക്കുന്നത് തന്നെ:

وَعِبَادُ ٱلرَّحْمَٰنِ ٱلَّذِينَ يَمْشُونَ عَلَى ٱلْأَرْضِ هَوْنًا [الفرقان: 63]

''റഹ്‌മാനായ റബ്ബിന്റെ ദാസൻമാർ ഭൂമിയിലൂടെ വിനയത്തോടെ നടക്കുന്നവരും, അവിവേകികൾ തങ്ങളോട് സംസാരിച്ചാൽ സമാധാനപരമായി മറുപടി നൽകുന്നവരുമാകുന്നു.''

അല്ലാഹുവിന്റെ കാരുണ്യത്തിന്റെ നാമത്തിലേക്ക് ചേർത്തി പറഞ്ഞതിലൂടെ തന്നെ അവരുടെ പ്രത്യേകതയെ നമുക്ക് മനസ്സിലാക്കുവാൻ

സാധിക്കും. അവന്റെ വിശാലമായ കാരുണ്യം കൊണ്ട് അവർക്കവൻ നേർമാർഗമേകുകയും, അവരെ തന്നെ അനുസരിക്കുന്നവരാക്കി വളർത്തുകയും ചെയ്തു.

ശേഷം വ്യത്യസ്തമായ പല വിശേഷണവും അല്ലാഹു ഒന്നൊന്നായി വിശദീകരിക്കുകയും, അവസാനം അവർക്ക് തയ്യാറാക്കിയ മഹത്തായ പ്രതിഫലത്തെ പ്രതിപാദിച്ചു കൊണ്ടുമാണ് അല്ലാഹു ആ ഭാഗം പൂർത്തി യാക്കിയത്. അതുകൊണ്ട്, പ്രസ്തുത ആയത്തുകളിൽ അടങ്ങിയ ഇബാദുർറഹ്മാനിന്റെ വിശേഷണങ്ങൾ പഠിക്കുവാനും പകർത്തുവാനും ഓരോ സൗഭാഗ്യമാഗ്രഹിക്കുന്നവനും പ്രയത്നിക്കേണ്ടതുണ്ട്.

◆

السكينة والوقار والتواضع لله ولعباده

# ശാന്തിയും, ഗാംഭീര്യവും, അല്ലാഹുവിനോടും അവന്റെ അടിമകളോടുമുള്ള വിനയവും

അല്ലാഹു പറയുന്നു:

وَعِبَادُ ٱلرَّحْمَٰنِ ٱلَّذِينَ يَمْشُونَ عَلَى ٱلْأَرْضِ هَوْنًا وَإِذَا خَاطَبَهُمُ ٱلْجَٰهِلُونَ قَالُوا۟ سَلَٰمًا ﴿٦٣﴾ [الفرقان: 63]

''റഹ്മാനായ റബ്ബിന്റെ ദാസൻമാർ ഭൂമിയിലൂടെ വിനയത്തോടെ നടക്കുന്നവരും, അവിവേകികൾ തങ്ങളോട് സംസാരിച്ചാൽ സമാധാനപരമായി മറുപടി നൽകുന്നവരുമാകുന്നു.''

ഇബാദുർറഹ്മാനിന്റെ വളരെ സൗന്ദര്യമാർന്ന ഒരു സൽഗുണമാണ് റബ്ബിനോടും, തങ്ങളുടെ സഹജീവികളോടും വിനയം കാണിക്കുന്നു എന്നത്. അങ്ങനെ അവർ ഗാംഭീര്യത്തോടെയും, സാമാധാനത്തോടെയും ഭൂമിയിലൂടെ നടക്കും. അവരുടെ ആ നടത്തത്തിലൂടെയും, ഭാവത്തിലൂടെയുമെല്ലാം പ്രകടമാകുന്ന വിനയം ഈമാനിന്റെ ലക്ഷണവും അതിന്റെ ഫലങ്ങളിൽപ്പെട്ടതുമാണ്.

മഹാനായ ഇബ്നു അബ്ബാസ് ﵁ ഈ ആയത്തിനെ വിശദീകരിക്കവെ പറഞ്ഞതായി ഇമാം ത്വബരി رحمه الله തന്റെ തഫ്സീറിൽ ഉദ്ദരിക്കുന്നു:

أي :{بالطاعة والعفاف والتواضع}

അഥവാ അവർ അല്ലാഹുവിനെ അനുസരിച്ചു കൊണ്ടും, വേണ്ടാവൃത്തികളിൽ നിന്ന് അകന്നും വിനയത്തോടെയും ഭൂമിയിലൂടെ നടക്കും.

അവരുടെ വിനയത്തിന്റെയും ശാന്തിയുടെയും ഭാഗമാണ് അവർ സഞ്ചരിക്കവെ വല്ല വിവരദോഷികളെയും അഭിമുഖീകരിച്ചാൽ അവരോട് മാന്യമായി വിഡ്ഢിത്തത്തിൽ നിന്ന് സുരക്ഷിതമായി സംസാരിക്കുക എന്നത്. അത് കൊണ്ടാണ് അല്ലാഹു പറഞ്ഞത്:

وَإِذَا خَاطَبَهُمُ ٱلْجَٰهِلُونَ قَالُوا۟ سَلَٰمًا

അവിവേകികൾ തങ്ങളോട് സംസാരിച്ചാൽ സമാധാനപരമായി

മറുപടി നൽകുന്നവരുമാകുന്നു.

അഥവാ, തിന്മയിൽ നിന്നും അശ്ലീലതകളിൽ നിന്നും മുക്തമായി അവരോട് സംസാരിക്കും. ഇവ മൂലം രണ്ട് തിന്മകളിൽ നിന്നുമുള്ള സംരക്ഷണം അവർക്കു ലഭിച്ചു.

ഒന്ന് കാലിന്റെ അഥവാ നടത്തത്തിന്റെ തിന്മയിൽ നിന്നും, രണ്ടാമത്തേത് നാവിന്റെ അഥവാ സംസാരത്തിന്റെ തിന്മയിൽ നിന്നും.

ഇബ്നുൽ ഖയ്യിം رحمه الله പറഞ്ഞു: അല്ലാഹുവിന്റെ ഈ ആയത്തിൽ രണ്ട് തിന്മകളായ കാലിന്റെയും നാവിന്റെയും തിന്മകളെ കുറിച്ച് അടുത്തടുത്തായി പരാമർശിക്കപ്പെട്ടു. അപ്പോൾ അല്ലാഹു അവരെ തങ്ങളുടെ ചലനങ്ങളിലും, പ്രയോഗങ്ങളിലും അല്ലാഹുവിനെ സൂക്ഷിച്ചു ഉറച്ച് നിന്നവരെന്ന് വിശേഷിപ്പിച്ചു.

ഇബാദുർറഹ്മാൻ വിവരദോഷികളോട് അവരുടെ അടുക്കലുള്ള വിവരക്കേടിന് സമാനമായി പ്രതികരിക്കുകയില്ല. മറിച്ച് അവരിൽ നിന്നും അകന്നു നിൽക്കുകയും, അവരോട് സംസാരിക്കുകയാണെങ്കിൽ തന്നെ അപകടങ്ങളില്ലാത്ത രൂപേണ സംസാരിക്കുന്നതാണ്. അവർ തിന്മയെ നന്മ കൊണ്ട് തടയുന്നതാണ്. അല്ലാഹു പറഞ്ഞത് പോലെ:

وَلَا تَسْتَوِى ٱلْحَسَنَةُ وَلَا ٱلسَّيِّئَةُ ٱدْفَعْ بِٱلَّتِى هِىَ أَحْسَنُ فَإِذَا ٱلَّذِى بَيْنَكَ وَبَيْنَهُۥ عَدَٰوَةٌ كَأَنَّهُۥ وَلِىٌّ حَمِيمٌ ﴿٣٤﴾ وَمَا يُلَقَّىٰهَآ إِلَّا ٱلَّذِينَ صَبَرُوا۟ وَمَا يُلَقَّىٰهَآ إِلَّا ذُو حَظٍّ عَظِيمٍ ﴿٣٥﴾

[فصلت: 34-35]

''നല്ലതും ചീത്തയും സമമാവുകയില്ല. ഏറ്റവും നല്ലത് ഏതോ അത് കൊണ്ട് നീ (തിന്മയെ) പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവനതാ (നിന്റെ) ഉറ്റബന്ധു എന്നോണം ആയിത്തീരുന്നു. ക്ഷമ കൈക്കൊണ്ടവർക്കല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല, വമ്പിച്ച ഭാഗ്യമുള്ളവന്നല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല.''

ജനങ്ങൾ അവരുടെ പെരുമാറ്റ രീതികളിലും, സ്വഭാവമര്യാദകളിലും തീർത്തും വ്യത്യസ്തരാണ്. എന്നാൽ ഓരോ മുസ്ലിമും നല്ല സ്വഭാവത്തോടെയും, മര്യാദയോടെയുമാണ് മറ്റുള്ളവരോട് പെരുമാറേണ്ടത്. അതു പോലെ അല്ലാഹു ഇബാദുർറഹ്മാനിന്റെ വിശേഷണമായി പഠിപ്പിച്ച കാര്യങ്ങൾ സ്വീകരിച്ചു കൊണ്ട് തിന്മയെ നന്മ കൊണ്ട്

നേരിടുകയും, എങ്ങനെയുള്ള സ്വഭാവത്തിന്റെ ആളുകളാണെങ്കിലും മറ്റുള്ളവരോട് വിനയം കാണിക്കുകയും ചെയ്യുക. കാരണം നബി ﷺ പറഞ്ഞതായി കാണാം:

**وَمَا تَوَاضَعَ أَحَدٌ لِلَّهِ ؛ إِلَّا رَفَعَهُ اللَّهُ**

ആരെങ്കിലും അല്ലാഹുവിന് വേണ്ടി വിനയം കാണിച്ചുവോ അവനെ അല്ലാഹു ഉയർത്താതിരിക്കുകയില്ല. (2029) الترمذي

മാത്രവുമല്ല, ഇതിനെല്ലാം മുന്നോടിയായി ഈ കാര്യത്തിന്ന് വേണ്ടിയെല്ലാം അല്ലാഹുവിനോട് സഹായം ചോദിക്കൽ വളരെ അനിവാര്യമാണ്. ഏറ്റവും നല്ല സ്വഭാവത്തിലേക്ക് അല്ലാഹു നമ്മെ വഴി നടത്തുവാൻ, ഏറ്റവും മോശമായ സ്വഭാവത്തിൽ നിന്നും നമ്മളെ അകറ്റുവാൻ നാം നിരന്തരം അവനോട് ചോദിക്കേണ്ടതുണ്ട്. നബി ﷺ അവിടുന്ന് നിസ്കാരത്തിന്റെ പ്രാരംഭ പ്രാർത്ഥനയായി നിർവ്വഹിക്കാറുള്ള ഒരു പ്രാർത്ഥന ഈ വിഷയത്തിൽ ഏറെ ശ്രദ്ധേയമാണ്. അവിടുന്ന് ഇപ്രകാരം പ്രാർത്ഥിക്കാറുണ്ടായിരുന്നു:

**اللهم اهْدِنِي لِأَحْسَنِ الْأَخْلَاقِ لَا يَهْدِي لِأَحْسَنِهَا إِلَّا أَنْتَ، وَاصْرِفْ عَنِّي سَيِّئَهَا لَا يَصْرِفُ عَنِّي سَيِّئَهَا إِلَّا أَنْتَ**

“അല്ലാഹുവേ, എന്നെ ഏറ്റവും നല്ല സ്വഭാവത്തിലേക്ക് വഴി നടത്തേണമേ. നീയല്ലാതെ അതിലെ ഏറ്റവും നല്ലതിലേക്ക് വഴികാണിക്കുകയില്ല. അല്ലാഹുവേ, ഏറ്റവും മോശമായ സ്വഭാവത്തെ എന്നിൽ നിന്നും അകറ്റേണമേ. നീയല്ലാതെ അതിലെ ഏറ്റവും മോശമായതിനെ അകറ്റുകയില്ല.” (771) مسلم

വീട്ടിൽ നിന്ന് പുറപ്പെടുന്നവരോട് ഇപ്രകാരം പറയുവാൻ നബി ﷺ പഠിപ്പിച്ചു:

**اللَّهُمَّ أَعُوذُ بِكَ أَنْ أَضِلَّ أَوْ أُضَلَّ، أَوْ أَزِلَّ أَوْ أُزَلَّ، أَوْ أَظْلِمَ أَوْ أُظْلَمَ، أَوْ أَجْهَلَ أَوْ يُجْهَلَ عَلَيَّ**

“അല്ലാഹുവേ ഞാൻ വഴിതെറ്റുകയോ, വഴിതെറ്റിക്കപ്പെടുകയോ ചെയ്യുന്നതിൽ നിന്നും, ഞാൻ (സത്യത്തിൽ നിന്ന്) വ്യതിചലിക്കുകയോ, വ്യതിചലിപ്പിക്കപ്പെടുകയോ ചെയ്യുന്നതിൽ നിന്നും, ഞാൻ ആക്രമിക്കുകയോ ആക്രമിക്കപ്പെടുകയോ ചെയ്യുന്നതിൽ നിന്നും, ഞാൻ

വിഡ്ഢിത്തം പ്രവർത്തിക്കുകയോ വിഡ്ഢിയാക്കപ്പെടുകയോ ചെയ്യുന്നതിൽ നിന്നും നിന്നോട് ഞാൻ രക്ഷതേടുന്നു. (5094) ابن ماجه

ഈ മഹത്തായ പ്രാർത്ഥനയിലൂടെ തന്നിൽ നിന്ന് മറ്റുള്ളവർക്കോ, അവരിൽ നിന്ന് തനിക്കോ വല്ല ഉപദ്രവവും ഏൽക്കുന്നതിൽ നിന്നുള്ള രക്ഷാകവചം ഇത് പ്രാവർത്തികമാക്കുന്ന ഓരോ വ്യക്തിക്കും ലഭ്യമാകുന്നു.

## محافظتهم على الصلاة لا سيما صلاة الليل

## നിസ്കാരം കാത്തു സൂക്ഷിക്കൽ പ്രത്യേകിച്ചും രാത്രി നിസ്കാരം

അല്ലാഹു പറയുന്നു:

وَٱلَّذِينَ يَبِيتُونَ لِرَبِّهِمْ سُجَّدًا وَقِيَـٰمًا ﴿٦٤﴾

''തങ്ങളുടെ റബ്ബിന് സുജൂദ് ചെയ്യുന്നവരായിക്കൊണ്ടും, നിന്ന് നമസ്കരിക്കുന്നവരായിക്കൊണ്ടും രാത്രി കഴിച്ചുകൂട്ടുന്നവരുമാകുന്നു അവർ.''

ഇബാദുർറഹ്മാനിന്റെ വളരെ പ്രകടമായ ഒരു വിശേഷണമാണ് ശരീരത്തിന്റെ പ്രവർത്തനങ്ങളിൽ ഏറ്റവും മഹത്തായ നിസ്കാരം -അത് സുന്നത്താകട്ടെ, നിർബന്ധമായതാകട്ടെ- അവർ കാത്തുസൂക്ഷിക്കുകയും മുറപോലെ നിർവഹിക്കുകയും ചെയ്യുന്നു എന്നുള്ളത്. (പ്രത്യേകിച്ചും രാത്രി നിസ്കാരം). കാരണം, ധാരാളം ഹദീസുകളിലൂടെ ശ്രേഷ്ഠത വിവരിക്കപ്പെട്ട വളരെ പ്രബലമായ സുന്നത്താണത്. അത് കൊണ്ടാണ് അല്ലാഹു മേൽപ്പറഞ്ഞ ആയത്തിലൂടെ ഇബാദുർ റഹ്മാനിന്റെ വിശേഷണമായി ഇതിനെ കൊണ്ടുവന്നത്.

രാത്രി നിസ്കാരത്തിന്റെ ശ്രേഷ്ഠത വിവരിക്കുന്ന ഹദീസുകളിൽ ചിലത് താഴെ നൽകാം. നബി ﷺ പറഞ്ഞു:

أَفْضَلُ الصَّلَاةِ بَعْدَ الْفَرِيضَةِ قِيَامُ اللَّيْلِ

''നിർബന്ധ നിസ്കാരങ്ങൾക്കു ശേഷം ഏറ്റവും ശ്രേഷ്ഠമായ നിസ്കാരം രാത്രി നിസ്കാരമാകുന്നു.'' (1163) مسلم

അവിടുന്ന് പറഞ്ഞു:

**عَلَيْكُمْ بِقِيَامِ اللَّيْلِ؛ فَإِنَّهُ دَأَبُ الصَّالِحِينَ قَبْلَكُمْ، وَهُوَ قُرْبَةٌ إِلَى رَبِّكُمْ، وَمَكْفَرَةٌ لِلسَّيِّئَاتِ، وَمَنْهَاةٌ لِلْإِثْمِ**

''നിങ്ങൾ രാത്രി നിസ്കാരം പതിവാക്കുക. കാരണം, അത് നിങ്ങളുടെ നല്ലവരായ മുൻഗാമികളുടെ ചര്യയും, നിങ്ങളുടെ റബ്ബിലേക്ക് നിങ്ങളെ അടുപ്പിക്കുന്ന കാര്യവും, നിങ്ങളുടെ തിന്മകളെ മായ്ച്ചുകളയ ുന്നതും, അവയിൽ നിന്ന് നിങ്ങളെ തടയുന്നതുമായ കാര്യമാണ്. الترمذي (3549)

ചിലപ്പോഴെല്ലാം നബി ﷺ രാത്രി മുഴുവനായി നിസ്കരിച്ചിട്ടുണ്ട്. അവിടുന്ന് രാത്രിയുടെ ആദ്യത്തിലും, മധ്യത്തിലും, അവസാനത്തിലും നിസ്കരിക്കാറുണ്ടായിരുന്നു. എന്നാൽ, അല്ലാഹു ഒന്നാനാകാശത്തേക്ക് ഇറങ്ങി വരുന്ന രാത്രിയുടെ അവസാന ഭാഗമാണ് ഖിയാമുല്ലൈൽ നിർവഹിക്കാൻ ഏറെ ശ്രേഷ്ഠമായ സമയം. നബി ﷺ പറഞ്ഞു:

**" يَنْزِلُ رَبُّنَا تَبَارَكَ وَتَعَالَى كُلَّ لَيْلَةٍ إِلَى السَّمَاءِ الدُّنْيَا، حِينَ يَبْقَى ثُلُثُ اللَّيْلِ الْآخِرُ، يَقُولُ : مَنْ يَدْعُونِي فَأَسْتَجِيبَ لَهُ ؟ مَنْ يَسْأَلُنِي فَأُعْطِيَهُ ؟ مَنْ يَسْتَغْفِرُنِي فَأَغْفِرَ لَهُ ؟ "**

''ഉന്നതനും അനുഗ്രഹീതനുമായ നമ്മുടെ റബ്ബ് എല്ലാ രാത്രിയിലും അതിന്റെ അവസാന മൂന്നിലൊന്ന് ബാക്കിയാകുമ്പോൾ ഒന്നാനാകാ ശത്തേക്ക് ഇറങ്ങി വരുന്നതാണ്. എന്നിട്ട് അവൻ ചോദിക്കും: ആരാണ് എന്നോട് പ്രാർത്ഥിക്കാനുള്ളത്? അവന് ഞാൻ ഉത്തരം നൽകാം! ആരുണ്ട് എന്നോട് ചോദിക്കാൻ? അവന് ഞാൻ നൽകാം!. ആരാണ് എന്നോട് പാപമോചനമിരക്കുന്നത്? അവന് ഞാൻ പൊറുത്തു കൊടുക്കുകയും ചെയ്യാം!. البخاري (1145)

എത്ര കുറഞ്ഞ റക്അത്തുകളാണെങ്കിലും ഈ വലിയ ശ്രേഷ്ഠത കൾ നേടിയെടുക്കാൻ സ്വന്തത്തിന് ശുഭം പ്രതീക്ഷിക്കുന്ന ഓരോ രുത്തരും പരിശ്രമിക്കുക!. ഇതാണ് രാത്രി നിസ്കാരവുമായി ബന്ധപ്പെട്ട ഇബാദുർറഹ്മാനിന്റെ കാര്യം. റബ്ബിനെ ഇബാദത്ത് ചെയ്തുകൊണ്ടും, അവനുമായി രഹസ്യ സംഭാഷണത്തിൽ ഏർപ്പെട്ടു കൊണ്ടും, അവന്ന് വഴങ്ങിയും വണങ്ങിയും സുജൂദിലും റുകൂഇലും ഖിയാമിലുമായി

കൊണ്ടും രാത്രിയെ അവർ ജീവിപ്പിക്കുന്നു. അല്ലാഹു നിർബന്ധമാക്കി യിട്ടില്ലാത്ത രാത്രി നിസ്കാരത്തിന്റെ കാര്യത്തിൽ അവർക്ക് ഇത്ര ശ്രദ്ധയും ഉത്സാഹവുമുണ്ടെങ്കിൽ; ദീനിന്റെ നെടുന്തൂണായ അല്ലാഹു നിർബന്ധമാക്കിയ അഞ്ച് നേരത്തെ നിസ്കാരത്തിന്റെ കാര്യത്തിൽ അവർ എത്ര ശ്രദ്ധാലുക്കളായിരിക്കും!. നിസ്സംശയം, ഇതിനേക്കാൾ കഠി നമായ താൽപര്യവും കാത്തുസൂക്ഷിക്കലും അവർക്കുണ്ടാകുന്നതാണ്.

## خوفهم وإشفاقهم من عذاب النار

## നരകശിക്ഷയിൽ നിന്നുള്ള അതിയായ ഭയവും, ആധിയും

അല്ലാഹു പറഞ്ഞു:

وَٱلَّذِينَ يَقُولُونَ رَبَّنَا ٱصْرِفْ عَنَّا عَذَابَ جَهَنَّمَ ۖ إِنَّ عَذَابَهَا كَانَ غَرَامًا ﴿٦٥﴾ إِنَّهَا سَآءَتْ مُسْتَقَرًّا وَمُقَامًا ﴿٦٦﴾ [الفرقان: 66-65]

"ഇപ്രകാരം പറയുന്നുവരുമാകുന്നു അവർ: ഞങ്ങളുടെ റബ്ബേ, ഞങ്ങളിൽ നിന്ന് നരകശിക്ഷ നീ ഒഴിവാക്കിത്തരേണമേ, തീർച്ചയായും അതിലെ ശിക്ഷ വിട്ടൊഴിയാത്ത വിപത്താകുന്നു. തീർച്ചയായും അത് (നരകം) ചീത്തയായ ഒരു താവളവും പാർപ്പിടവും തന്നെയാകുന്നു."

ഇബാദുർറഹ്മാൻ (അവർ) ഇബാദത്തുകളും, സൽകർമ്മങ്ങളും അനുഷ്ഠിക്കുന്നതിനോടൊപ്പം അല്ലാഹുവിന്റെ കോപത്തിൽ നിന്നും അവന്റെ ശിക്ഷയിൽ നിന്നും അതിയായി ഭയക്കുന്നവരാണ്. ഇത് പരിപൂർണ്ണ വിശ്വാസികളുടെ സവിശേഷത കൂടിയാണ്. അല്ലാഹു പറഞ്ഞത് പോലെ:

وَٱلَّذِينَ يُؤْتُونَ مَآ ءَاتَوا۟ وَّقُلُوبُهُمْ وَجِلَةٌ أَنَّهُمْ إِلَىٰ رَبِّهِمْ رَٰجِعُونَ ﴿٦٠﴾ [المؤمنون 60]

"റബ്ബിലേക്ക് തങ്ങൾ മടങ്ങിച്ചെല്ലേണ്ടവരാണല്ലോ എന്ന് മനസ്സിൽ ഭയമുള്ളതോടു കൂടി തങ്ങൾ ദാനം ചെയ്യുന്നതെല്ലാം ദാനം ചെയ്യുന്നവ രും ആരോ."

അഥവാ, അല്ലാഹുവിനെ കൃത്യമായി അനുസരിക്കുകയും, ഇബാദത്തുകളിൽ സജീവരാവുകയും ചെയ്യുന്നതിനോടൊപ്പം അവരുടെ ഹൃദയത്തിൽ ഈ കർമ്മങ്ങളെല്ലാം സ്വീകരിക്കപ്പെടുമോ, ശേഷം അല്ലാഹുവിന്റെ ശിക്ഷ വന്നുഭവിക്കുമോ എന്ന ശക്തമായ ഭയം ഉണ്ടായിരിക്കുന്നതാണ്. ഇത് ഇബാദുർറഹ്മാനിന്റെ വിശേഷണങ്ങളിലൊന്നാണ്. പ്രവർത്തനങ്ങൾ നന്നാക്കുന്നതോടൊപ്പം അത് സ്വീകരിക്കപ്പെടുമോ എന്ന ആധി.

മേൽപ്പറഞ്ഞ ആയത്തിനെ കുറിച്ച് ആയിഷാ رضي الله عنها ഒരിക്കൽ നബി ﷺ യോട് ചോദിച്ചു:

**أَهُمُ الذِينَ يَشْرَبُونَ الْخَمْرَ وَيَسْرِقُونَ ؟ قَالَ: " لاَ يَا بِنْتَ الصِّدِّيقِ، وَلَكِنَّهُمُ الذِينَ يَصُومُونَ وَيُصَلُّونَ وَيَتَصَدَّقُونَ وَهُمْ يَخَافُونَ أَنْ لاَ يُقْبَلَ مِنْهُمْ،**

"അല്ലാഹുവിന്റെ ദൂതരെ, ഈ ആയത്തിൽ പറയപ്പെട്ടവർ മദ്യപിക്കുകയും, മോഷ്ടിക്കുകയും ചെയ്യുന്നവരുണ്ടോ?! അവിടുന്ന് പറഞ്ഞു: അല്ല, സ്വിദ്ദീഖിന്റെ മകളെ! മറിച്ച് അവർ ദാനധർമ്മങ്ങൾ കൊടുക്കുകയും, നിസ്കരിക്കുകയും, നോമ്പനുഷ്ഠിക്കുകയും ചെയ്യുന്നവരാണ്. അതോടൊപ്പം തങ്ങളിൽ നിന്നും അതെല്ലാം സ്വീകരിക്കപ്പെടുമോ എന്ന ഭയവും അവരിലുണ്ട്." الترمذي 3175

ഇമാം ഹസനുൽ ബസ്വരി رحمه الله പറഞ്ഞു: ഒരു വിശ്വാസി നന്മയും, ഭയവും ഒരുമിപ്പിച്ചവനാണ്. എന്നാൽ ഒരു കപടവിശ്വാസിയാകട്ടെ തിന്മയും, നിർഭയത്വവുമാണ് ഒരുമിപ്പിച്ചിട്ടുള്ളത്. എന്നിട്ടദ്ദേഹം ഇപ്രകാരം പരായണം ചെയ്തു:

إِنَّ ٱلَّذِينَ هُم مِّنْ خَشْيَةِ رَبِّهِم مُّشْفِقُونَ ﴿٥٧﴾ [المؤمنون 57]

"തീർച്ചയായും തങ്ങളുടെ റബ്ബിനെ പറ്റിയുള്ള ഭയത്താൽ നടുങ്ങുന്നവരും." تفسير الطبري 17/64

കപട വിശ്വാസികൾ തിന്മകൾ ചെയ്യുന്നതോടൊപ്പം അല്ലാഹുവിന്റ ശിക്ഷയെ കുറിച്ച് നിർഭയരുമായിരിക്കും. എന്നാൽ യഥാർത്ഥ വിശ്വാസികൾ ഇതിന് നേർവിപരിതരായിക്കും. കാരണം, അല്ലാഹുവിന്റെ കാരുണ്യത്തോടുള്ള പ്രതീക്ഷ ഒരുവനെ അവനിലേക്ക് അടുപ്പിക്കുകയും, ധാരാളം ശ്രേഷ്ഠതകൾ കരസ്ഥമാക്കി നൽകുകയും ചെയ്യും എന്നുള്ളത്

പോലെ തന്നെ റബ്ബിന്റെ ശിക്ഷയിൽ നിന്നുള്ള ഭയം തിന്മകളിൽ നിന്നും അകലം പാലിക്കാൻ സഹായകമാകുന്നതാണ്. അല്ലാഹു പറയുന്നു:

أُولَٰٓئِكَ ٱلَّذِينَ يَدۡعُونَ يَبۡتَغُونَ إِلَىٰ رَبِّهِمُ ٱلۡوَسِيلَةَ أَيُّهُمۡ أَقۡرَبُ وَيَرۡجُونَ رَحۡمَتَهُۥ وَيَخَافُونَ عَذَابَهُۥٓۚ إِنَّ عَذَابَ رَبِّكَ كَانَ مَحۡذُورٗا ٥٧ [الإسراء 57]

''അവർ വിളിച്ച് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നത് ആരെയാണോ അവർ തന്നെ തങ്ങളുടെ റബ്ബിലേക്ക് സമീപനമാർഗം തേടിക്കൊണ്ടിരിക്കുകയാണ്. അതെ, അവരുടെ കൂട്ടത്തിൽ അല്ലാഹുവോട് ഏറ്റവും അടുത്തവർ തന്നെ (അപ്രകാരം തേടുന്നു.) അവർ അവൻറെ കാരുണ്യം ആഗ്രഹിക്കുകയും അവൻറെ ശിക്ഷ ഭയപ്പെടുകയും ചെയ്യുന്നു, നിൻറെ റബ്ബിന്റെ ശിക്ഷ തീർച്ചയായും ഭയപ്പെടേണ്ടതാകുന്നു.''

ഇബാദുർറഹ്മാനിന്റെ മേൽപ്പറഞ്ഞ പ്രാർത്ഥനയിൽ നരക ശിക്ഷയിലേക്ക് എത്തിക്കുന്ന കാരണങ്ങളിൽ നിന്നുള്ള രക്ഷ തേട്ടവും അടങ്ങിയിട്ടുണ്ട്. നബി ﷺ ആയിഷാ رضي الله عنها ക്ക് പഠിപ്പിച്ച് കൊടുത്ത പ്രാർത്ഥനയിലുള്ളത് പോലെ:

**اللَّهُمَّ إنِّي أَسْأَلُكَ الْجَنَّةَ وَمَا قَرَّبَ إِلَيْهَا مِنْ قَوْلٍ أَوْ عَمَلٍ، وَأَعُوذُ بِكَ مِنَ النَّارِ وَمَا قَرَّبَ إِلَيْهَا مِنْ قَوْلٍ أَوْ عَمَلٍ**

''അല്ലാഹുവേ, സ്വർഗ്ഗത്തെയും, അതിലേക്ക് അടുപ്പിക്കുന്ന വാക്കിനേയും പ്രവർത്തിയേയും ഞാൻ നിന്നോട് ചോദിക്കുന്നു. അല്ലാഹുവേ, നരകത്തിൽ നിന്നും അതിലേക്ക് അടുപ്പിക്കുന്ന വാക്കിൽ നിന്നും പ്രവർത്തിയിൽ നിന്നും ഞാൻ നിന്നോട് കാവലിനെ ചോദിക്കുന്നു.'' ابن ماجه 3846

# പിശുക്കോ, അതിരുകവിച്ചിലോ ഇല്ലാതെ സമ്പത്ത് ചിലവഴിക്കുന്നതിലെ മിതത്വം

അല്ലാഹു പറയുന്നു:

وَٱلَّذِينَ إِذَآ أَنفَقُواْ لَمْ يُسْرِفُواْ وَلَمْ يَقْتُرُواْ وَكَانَ بَيْنَ ذَٰلِكَ قَوَامًا ﴿٦٧﴾ [الفرقان67]

‘‘ചെലവുചെയ്യുകയാണെങ്കിൽ അമിതവ്യയം നടത്തുകയോ, പിശുക്കിപ്പിടിക്കുകയോ ചെയ്യാതെ അതിനിടക്കുള്ള മിതമായ മാർഗം സ്വീകരിക്കുന്നവരുമാകുന്നു അവർ.’’

ഇബാദുർറഹ്മാനിന്റെ സവിശേഷതകളിൽ പെട്ടതാണ് അവർ സമ്പത്ത് ചിലവഴിക്കുമ്പോൾ പിശുക്കോ, ദുർവ്യയമോ ഇല്ലാതെ മിതത്വം പാലിക്കുന്നവരാണ് എന്നത്. കാരണം, അല്ലാഹു അവർക്ക് നൽകിയ ഈ മഹത്തായ അനുഗ്രഹത്തെ സംബന്ധിച്ച് നാളെ പരലോകത്ത് വെച്ച് അവൻ തങ്ങളോട് ചോദിക്കുന്നതാണ് എന്നവർ മനസ്സിലാക്കിയിട്ടുണ്ട്.

നബി ﷺ യിൽ സ്ഥിരപ്പെട്ട ഒരു ഹദീസിൽ ഇപ്രകാരം കാണാം:

**"لا تَزُولُ قَدَمُ ابْنِ آدَمَ يَوْمَ الْقِيَامَةِ مِنْ عِنْدِ رَبِّهِ حَتَّى يُسْأَلَ عَنْ خَمْسٍ : عَنْ عُمُرِهِ فِيمَ أَفْنَاهُ، وَعَنْ شَبَابِهِ فِيمَ أَبْلَاهُ، وَمَالِهِ مِنْ أَيْنَ اكْتَسَبَهُ وَفِيمَ أَنْفَقَهُ، وَمَاذَا عَمِلَ فِيمَا عَلِمَ"**

‘‘ഖിയാമത്ത് നാളിൽ അഞ്ച് കാര്യങ്ങളെ പറ്റി ചോദ്യം ചെയ്യപ്പെടാതെ ഒരു മനുഷ്യനും തന്റെ കാൽ പാദങ്ങൾ റബ്ബിന്റെ അരികിൽ നിന്നും ചലിപ്പിക്കാൻ സാധിക്കുകയില്ല. (അതിൽ പെട്ട ഒരു ചോദ്യമാണ്) അവന്റെ സമ്പത്ത് എവിടെ നിന്ന് അവൻ സമ്പാദിച്ചു? അത് എന്തിൽ അവൻ ചിലവഴിച്ചു?!’’ 2416 الترمذي

എല്ലാ കാര്യങ്ങളെ കുറിച്ചും ഒരു ചോദ്യം ഉള്ളപ്പോൾ സമ്പത്തിനെ കുറിച്ച് രണ്ട് ചോദ്യമാണ് മനുഷ്യർ നേരിടേണ്ടി വരുന്നത്!.

സമ്പത്ത് ചിലവഴിക്കുന്ന കാര്യത്തിൽ ദുർവ്യയമില്ലാതെ, അതിൽ പിശുക്കുമില്ലാതെ അല്ലാഹുവിന് തൃപ്തിയുള്ള രൂപത്തിലായിക്കും അവർ തങ്ങളുടെ സമ്പത്ത് ചിലവഴിക്കുക. മാത്രവുമല്ല, അവരുടെ ജീവിതം സു ഗമമായി മുന്നോട്ടു പോകാൻ അനിവാര്യമായ കാര്യങ്ങളിൽ അവർ

തങ്ങളുടെ സമ്പത്ത് വിനിയോഗിക്കുകയും, അപ്രകാരം തന്നെ ആ സമ്പത്ത് അവർക്ക് ഈ ലോകത്തും നാളെ പരലോകത്തും ഒരു മുതൽകൂട്ടായി മാറുകയും ചെയ്യുന്നതാണ്. അതുകൊണ്ട്, ഒരു മുസ്‌ലിം തന്റെ ദീനിന്റെ കാര്യത്തിലും, ദുനിയാവിന്റെ കാര്യത്തിലും മധ്യമ നിലപാട് സ്വീകരിക്കുക എന്നത് വളരെ അനിവാര്യമായ കാര്യമാണ്.

കഅ്ബ് ബ്നു ഫർറൂഖ് ഖതാദയിൽ നിന്ന് ഉദ്ധരിക്കുന്നു: മുത്വർരിഫ് ബ്നു അബ്ദില്ല رَحِمَهُ اللَّهُ പറഞ്ഞു: കാര്യങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായത് മധ്യമ നിലപാടാകുന്നു (മിതത്വം പാലിക്കൽ). നന്മയാകട്ടെ രണ്ട് തിന്മകൾക്കിടയിലുമാണ്. അപ്പോൾ ഞാൻ ഖതാദയോട് ചോദിച്ചു: എന്താണ് രണ്ട് തിന്മകൾക്കിടയിലെ നന്മ?!. അദ്ദേഹം പറഞ്ഞു: ചെലവുചെയ്യുകയാണെങ്കിൽ അമിതവ്യയം നടത്തുകയോ, പിശുക്കിപ്പിടിക്കുകയോ ചെയ്യാതെ അതിനിടക്കുള്ള മിതമായ മാർഗം സ്വീകരിക്കുന്നവരുമാകുന്നു അവർ. 500/17 تفسير الطبري

## بعدهم عن كبائر الذنوب وعظائم الآثام

## ഗുരുതരമായ തിന്മകളിൽ നിന്നും, വൻപാപങ്ങളിൽ നിന്നുമുള്ള അകൽച്ച

അല്ലാഹു പറയുന്നു:

وَٱلَّذِينَ لَا يَدۡعُونَ مَعَ ٱللَّهِ إِلَٰهًا ءَاخَرَ وَلَا يَقۡتُلُونَ ٱلنَّفۡسَ ٱلَّتِي حَرَّمَ ٱللَّهُ إِلَّا بِٱلۡحَقِّ وَلَا يَزۡنُونَ [الفرقان68]

‘‘അല്ലാഹുവോടൊപ്പം വേറെയൊരു ആരാധ്യനേയും വിളിച്ചു പ്രാർത്ഥിക്കാത്തവരും, അല്ലാഹു പവിത്രമാക്കി വെച്ചിട്ടുള്ള ജീവനെ ന്യായമായ കാരണത്താലല്ലാതെ ഹനിച്ചു കളയാത്തവരും, വ്യഭിചരിക്കാത്തവരുമാകുന്നു അവർ.’’

അല്ലാഹുവിന്റെ ഇഷ്ടദാസന്മാരായ ഇബാബാദുർറഹ്മാനിന്റെ മറ്റൊരു പ്രധാന സവിഷേശതയാണ് അവർ വൻപാപങ്ങളിൽ നിന്നും അകന്നു നിൽക്കുന്നവരാണ് എന്നത്. ഈ ആയത്തിൽ അല്ലാഹു മൂന്ന് വൻപാപങ്ങളെ പ്രത്യേകം എടുത്തു പറഞ്ഞത് അവ വൻപാപങ്ങളിൽ

തന്നെ ഏറെ ഗുരുതരമായ തിന്മകളാണെന്നത് കൊണ്ടാണ്. അതിൽ ഒന്ന് ശിർക്കും (അല്ലാഹുവിൽ പങ്കു ചേർക്കൽ), മറ്റൊന്ന് നിരപരാധികളെ കൊല്ലലും, മറ്റൊന്ന് വ്യഭിചാരവുമാണ്.

ഒന്നാമത്തെ വൻപാപമായ ശിർക്ക് അല്ലാഹുവിന് അടിമകൾ നൽകേണ്ട കടമയുമായി ബന്ധപ്പെട്ട തിന്മയാണ്. ആരെങ്കിലും ശിർക്കിലായി മരണപ്പെട്ടാൽ അല്ലാഹു അവന്ന് ഒരിക്കലും പൊറുത്തു കൊടുക്കുകയില്ല. അല്ലാഹു പറഞ്ഞത് പോലെ:

إِنَّ ٱللَّهَ لَا يَغْفِرُ أَن يُشْرَكَ بِهِۦ وَيَغْفِرُ مَا دُونَ ذَٰلِكَ لِمَن يَشَآءُ ۚ وَمَن يُشْرِكْ بِٱللَّهِ فَقَدِ ٱفْتَرَىٰٓ إِثْمًا عَظِيمًا ﴿٤٨﴾ [النساء 48]

‘‘തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർത്തുവോ അവൻ തീർച്ചയായും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത്.’’

ഒരടിമ അല്ലാഹുവിന് നൽകേണ്ട ആരാധനകളിൽ ഏതെങ്കിലും ഒന്ന് മറ്റാർക്കെങ്കിലും നൽകിയാൽ അവൻ വലിയ ഗുരുതമായ തിന്മയിലാണ് അകപ്പെട്ടിട്ടുള്ളത്. വൻപാപമായി അല്ലാഹു പറഞ്ഞ രണ്ടാമത്തെ തിന്മ കൊലപാതകമാണ്. അതും വലിയ ഗൗരവകരമായ തിന്മ തന്നെയാണ്. അത് അന്യായമായി കൊലചെയ്യപ്പെട്ടവനെയും, അവന്റെ ബന്ധുക്കളെയും ബാധിക്കുന്ന അവരുടെ അവകാശവുമായി ബന്ധപ്പെട്ട തിന്മയാണ്. അത് കൊണ്ടാണ് നബി ﷺ ഇപ്രകാരം പറഞ്ഞത്:

" لَزَوَالُ الدُّنْيَا أَهْوَنُ عَلَى اللَّهِ مِنْ قَتْلِ رَجُلٍ مُسْلِمٍ"

‘‘ദുനിയാവ് മുഴുവൻ നശിക്കുക എന്നതാണ് അല്ലാഹുവിന്റെ അരികിൽ ഒരു വിശ്വാസിയായ വ്യക്തിയെ (അന്യായമായി) കൊല ചെയ്യുന്നതിനേക്കാൾ നിസ്സാരമായിട്ടുള്ളത്.’’ ابن ماجه 2619

മൂന്നാമതായി അല്ലാഹു പറഞ്ഞ വൻപാപമാണ് വ്യഭിചാരം. അത് മനുഷ്യമനസ്സുകളെ നശിപ്പിക്കുകയും, രോഗത്തിലാഴ്ത്തുകയും ചെയ്യുന്ന വളരെ നീചമായ പ്രവർത്തിയാണ്. മാത്രവുമല്ല സ്വദേഹത്തിനും, സമൂഹത്തിനും ധാരാളം വ്യത്യസ്തങ്ങളായ ഉപദ്രവങ്ങളുണ്ടാക്കുന്ന

മ്ലേഛവൃത്തി കൂടിയാണത്. നബി ﷺ പറഞ്ഞു:

"إِذَا زَنَى الرَّجُلُ خَرَجَ مِنْهُ الْإِيمَانُ، كَانَ عَلَيْهِ كَالظُّلَّةِ، فَإِذَا انْقَلَعَ رَجَعَ إِلَيْهِ الْإِيمَانُ"

''ഒരുവൻ വ്യഭിചരിച്ചാൽ അവനിൽ നിന്ന് ഈമാൻ പുറത്ത് പോവുകയും, അവന്റെ മേൽ അത് ഒരു മേഘത്തിന് സമാനമായി നിൽക്കുകയും ചെയ്യും. അവൻ അതിൽ നിന്നും വിരമിച്ചാൽ ഈമാൻ അവനിലേക്ക് തിരിച്ചുവരികയും ചെയ്യുന്നതാണ്.''

വ്യഭിചാരത്തിലേക്ക് നമ്മെ നയിക്കുന്ന അതിൽ പെട്ടു പോകുവാൻ കാരണമാകുന്ന സകല മാധ്യമങ്ങളിൽ നിന്നും നബി ﷺ നമ്മെ താക്കീത് ചെയ്തിട്ടുണ്ട്. അന്യ സ്ത്രീകളുമായി ഒറ്റപ്പെടുന്നത് അവിടുന്ന് നമ്മെ വിലക്കി. സ്ത്രീ അവളുടെ സൗന്ദര്യം അവളുടെ ഭർത്താവിന് മുന്നിൽ മാത്രമേ പ്രദർശിപ്പിക്കാവൂ എന്ന് അവിടുന്ന് പഠിപ്പിച്ചു. സ്ത്രീകൾ പുരുഷൻമാരെ ആകർശിപ്പിക്കുന്ന രീതിയിൽ വസ്ത്രം ധരിക്കുന്നതോ, സുഗന്ധം പൂശുന്നതോ അവിടുന്ന് വിലക്കി. സ്ത്രീകളോടും, പുരുഷൻമാരോടും കണ്ണുകൾ താഴ്ത്തുവാൻ കൽപ്പിച്ചു. ഇതെല്ലാം ഈ തിന്മയുടെ ഗൗരവം നമ്മെ അറിയിക്കുന്ന കാര്യങ്ങളാണ്.

ഈ പറഞ്ഞ മൂന്ന് വൻപാപങ്ങളും വെടിയുന്നവരാണ് ഇബാദുർറഹ്മാൻ എന്ന് പറഞ്ഞതിനു ശേഷം ഈ തിന്മകളിൽ വ്യഹരിച്ചവർക്ക് നരകത്തിൽ ഇരട്ടിയും, കഠിനവുമായ ശിക്ഷയുണ്ടെന്നും അല്ലാഹു മുന്നറിയിപ്പ് നൽകുന്നു. അല്ലാഹു നമ്മെ കാത്തു രക്ഷിക്കട്ടെ. അല്ലാഹു പറയുന്നത് നോക്കൂ:

وَمَن يَفْعَلْ ذَٰلِكَ يَلْقَ أَثَامًا ﴿٦٨﴾ يُضَٰعَفْ لَهُ ٱلْعَذَابُ يَوْمَ ٱلْقِيَٰمَةِ وَيَخْلُدْ فِيهِۦ مُهَانًا ﴿٦٩﴾

''ആ കാര്യങ്ങൾ വല്ലവനും ചെയ്യുന്ന പക്ഷം അവൻ പാപഫലം കണ്ടെത്തുക തന്നെ ചെയ്യും. ഉയിർത്തെഴുന്നേൽപിൻറെ നാളിൽ അവന്നു ശിക്ഷ ഇരട്ടിയാക്കപ്പെടുകയും, നിന്ദ്യനായിക്കൊണ്ട് അവൻ അതിൽ എന്നെന്നും കഴിച്ചുകൂട്ടുകയും ചെയ്യും''

ശേഷം ഈ തിന്മകളിൽ നിന്നും ഖേദിച്ചു മടങ്ങുകയും, അല്ലാഹുവിലേക്ക് അടുപ്പിക്കുന്ന വിവിധങ്ങളായ സൽക്കമ്മങ്ങൾ ചെയ്യുന്നതിനോടൊപ്പം അല്ലാഹുവിന്റെ പാപമോചനവും, വിട്ടുവീഴ്ച്ചയും

ലഭിക്കുന്നതിന് വേണ്ടി അവനിലേക്ക് താഴ്മയോടെ മടങ്ങുകയും ചെയ്തവരെ അല്ലാഹു അവന്റെ ശിക്ഷയിൽ നിന്നും വേറിട്ട് നിർത്തി. അല്ലാഹു പറയുന്നു:

إِلَّا مَن تَابَ وَءَامَنَ وَعَمِلَ عَمَلًا صَٰلِحًا فَأُوْلَٰٓئِكَ يُبَدِّلُ ٱللَّهُ سَيِّـَٔاتِهِمْ حَسَنَٰتٍ ۗ وَكَانَ ٱللَّهُ غَفُورًا رَّحِيمًا ﴿٧٠﴾

‘‘പശ്ചാത്തപിക്കുകയും, വിശ്വസിക്കുകയും സൽകർമ്മം പ്രവർത്തിക്കുകയും ചെയ്തവരൊഴികെ. അത്തരക്കാർക്ക് അല്ലാഹു തങ്ങളുടെ തിൻമകൾക്ക് പകരം നൻമകൾ മാറ്റിക്കൊടുക്കുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണയുള്ളവനുമാകുന്നു’’

## بعدهم عن مجالس الباطل والمنكرات

## തിന്മകളുടെയും, അസത്യത്തിന്റെയും സദസ്സുകളിൽ നിന്നും വിട്ടു നിൽക്കൽ

അല്ലാഹു പറയുന്നു:

وَٱلَّذِينَ لَا يَشْهَدُونَ ٱلزُّورَ وَإِذَا مَرُّواْ بِٱللَّغْوِ مَرُّواْ كِرَامًا ﴿٧٢﴾ [الفرقان72]

‘‘വ്യാജത്തിന് സാക്ഷി നിൽക്കാത്തവരും, അനാവശ്യവൃത്തികൾ നടക്കുന്നേടത്തു കൂടി പോകുകയാണെങ്കിൽ മാന്യൻമാരായിക്കൊണ്ട് കടന്നുപോകുന്നവരുമാകുന്നു അവർ’’

ഇബാദുർറഹ്മാനിന്റെ വളരെ മനോഹരമായ മറ്റൊരു സവിശേഷതയാണ് നിഷിദ്ധമായ വിനോദങ്ങളും, തിന്മകളും, അസത്യങ്ങളും നടമാടുന്ന സദസ്സുകളിൽ നിന്നും അവർ വിട്ടു നിൽക്കുന്നു എന്നത്.

അല്ലാഹു പറഞ്ഞു: ‘‘അവർ വ്യാജത്തിന് സാക്ഷി നിൽക്കാത്തവരാകുന്നു’’ അഥവാ, വ്യാജങ്ങളും നിരർത്ഥകമായ ആശയങ്ങളും പങ്കുവെക്കുന്ന സദസ്സുകളെയും അതിന്റെ വക്താക്കളെയും അവർ ബഹിഷ്കരിക്കുന്നതാണ്. കളവും, ഏഷണിയും, പരദൂഷണവും, മറ്റുള്ളവരെ പരിഹസിക്കലും തുടങ്ങിയ തോന്നിവാസങ്ങൾക്കും തിന്മകൾക്കും മേൽ സ്ഥാപിതമായ സദസ്സുകൾ, അത് പോലെ ടെലിവിഷനുകളിലും,

മൊബൈൽ ഫോണുകളിലും പ്രത്യക്ഷമാകുന്ന സംഗീതവും അശ്ലീലങ്ങളും കലർന്ന മറ്റ് വൃത്തികേടുകളും ഈ ആയത്തിൽ പറഞ്ഞ വ്യാജത്തിൽ ഉൾപ്പെടുന്നതാണ്.

വഴികേടിലേക്ക് ക്ഷണിക്കുന്നവർ നടത്തുന്ന പുത്തൻ വാദഗതികളുടെയും, ദീനിൽ പുതുതായി കടത്തികൂട്ടപ്പെട്ട പ്രവർത്തനങ്ങളുടെയും, പിഴച്ചവാദങ്ങളുടെയും സദസ്സുകളും ഇതിൽ ഉൾപ്പെടുന്നതാണ്. അതുപോലെ തന്നെ ബഹുദൈവാരാധകരുടെ ആഘോഷങ്ങളും ഈ ആയത്തിന്റെ പരിധിയിൽ പെടുന്നതാണ്. അത്തരം ആഘോഷങ്ങളിൽ പങ്കെടുക്കുവാനോ, അവർക്ക് ആശംസകൾ നേരുവാനോ ഒരു മുസ്‌ലിമിന് പാടുള്ളതല്ല.

മേൽപ്പറഞ്ഞ കാര്യങ്ങളെല്ലാം ഈ ആയത്തിൽ ഉൾക്കൊള്ളുന്നതാണ്. അതുകൊണ്ടാണ്. ഈ ആയത്തിൽ പറഞ്ഞ വ്യാജത്തിന്റെ വിവരണമായി മുൻഗാമികളിൽ നിന്നും അനേകം ഉദ്ധരണികൾ വന്നിട്ടുള്ളത്.

ഈ ആയത്തിനെ വിശദീകരിച്ചുകൊണ്ട് മുൻഗാമികളിൽ നിന്നും വന്ന വാക്കുകൾ എടുത്തു കൊടുത്ത ശേഷം ഇമാം ഇബ്നു ജരീർ അത്ത്വബരി رحمه الله പറഞ്ഞു: ''ഈ ആയത്തിനെ വിശദീകരിച്ചു വന്ന ശരിയായ അഭിപ്രായമായി ഇപ്രകാരം പറയലാണ് ഏറ്റവും യോജിച്ചത്. അഥവാ, വ്യാജം എന്ന വാക്കിനോട് യോജ്യമാകുന്ന എല്ലാ വിധ അനാവശ്യത്തിൽ നിന്നും, കളവിൽ നിന്നും, ശിർക്കിൽ നിന്നും, സംഗീതത്തിൽ നിന്നും മറ്റും അകന്നുനിൽക്കുന്നവരാണവർ. കാരണം, അല്ലാഹു അവരെ വിശേഷിപ്പിക്കവെ അവർ വ്യാജത്തിന് സാക്ഷികളാവുകയില്ല എന്ന് പൊതുവായി പറയുകയാണ് ചെയ്തത്'' 17/523 تفسير الطبري

ഇബാദുർറഹ്മാൻ വ്യാജ സദസ്സുകൾക്ക് സാക്ഷികളാവുകയില്ല എന്നതിനൊപ്പം അവരിൽ യാതൊരു വ്യാജവും സംഭവിക്കുകയുമില്ല. അല്ലാഹു പറഞ്ഞു: ''അനാവശ്യവൃത്തികൾ നടക്കുന്നേടത്തു കൂടി പോകുകയാണെങ്കിൽ മാന്യന്മാരായിക്കൊണ്ട് കടന്നുപോകുന്നവരുമാകുന്നു അവർ.'' അഥവാ, അവർ സ്വയം തീരുമാനപ്രകാരമോ, ഉദ്ദേശപൂർവ്വമോ ഇത്തരം സ്ഥലങ്ങളിലേക്ക് പോവുകയില്ല. നേരെമറിച്ച് അങ്ങനെ വല്ല സാഹചര്യവും ഉണ്ടായി കഴിഞ്ഞാൽ അവിടെ നടക്കുന്ന

തിന്മകളിൽ നിന്നും തിരിഞ്ഞു കളഞ്ഞ് അത്തരം സദസ്സുകളിൽ പങ്കെടുക്കാതെ മാന്യമായി അവർ നടന്നു പോകുന്നതാണ്. അല്ലാഹു ? പറയുന്നു:

وَإِذَا رَأَيْتَ ٱلَّذِينَ يَخُوضُونَ فِىٓ ءَايَٰتِنَا فَأَعْرِضْ عَنْهُمْ حَتَّىٰ يَخُوضُوا۟ فِى حَدِيثٍ غَيْرِهِۦ ۚ وَإِمَّا يُنسِيَنَّكَ ٱلشَّيْطَٰنُ فَلَا تَقْعُدْ بَعْدَ ٱلذِّكْرَىٰ مَعَ ٱلْقَوْمِ ٱلظَّٰلِمِينَ ﴿٦٨﴾ [الأنعام 68]

“നമ്മുടെ ദൃഷ്ടാന്തങ്ങളെ അപഹസിക്കുന്നതിൽ മുഴുകിയവരെ നീ കണ്ടാൽ അവർ മറ്റു വല്ല വർത്തമാനത്തിലും പ്രവേശിക്കുന്നത് വരെ നീ അവരിൽ നിന്ന് തിരിഞ്ഞുകളയുക. ഇനി വല്ലപ്പോഴും നിന്നെ പിശാച് മറപ്പിച്ച് കളയുന്ന പക്ഷം ഓർമ വന്നതിന് ശേഷം അക്രമികളായ ആ ആളുകളുടെ കൂടെ നീ ഇരിക്കരുത്.”

## تعظيمهم لكلام الله وعملهم بما فيه

## വിശുദ്ധ ഖുർആനിനോടുള്ള ബഹുമാനവും, അതിലുള്ളത് പ്രാവർത്തികമാക്കലും

അല്ലാഹു പറയുന്നു:

وَٱلَّذِينَ إِذَا ذُكِّرُوا۟ بِـَٔايَٰتِ رَبِّهِمْ لَمْ يَخِرُّوا۟ عَلَيْهَا صُمًّا وَعُمْيَانًا ﴿٧٣﴾ [الفرقان73]

“തങ്ങളുടെ റബ്ബിന്റെ വചനങ്ങൾ മുഖേന ഉൽബോധനം നൽകപ്പെട്ടാൽ ബധിരൻമാരും അന്ധൻമാരുമായിക്കൊണ്ട് അതിൻമേൽ ചാടിവീഴാത്തവരുമാകുന്നു അവർ.”

ഇബാദുർറഹ്മാനിന്റെ ഹൃദയങ്ങളിൽ അല്ലാഹുവിന്റെ വാക്കുകൾക്കുള്ള സ്ഥാനവും, മഹത്വവും വളരെ വലുതാണ്. അവർ അതിനെ തള്ളിക്കളയുകയോ, അതിൽ നിന്നും ജനങ്ങളെ തടയുകയോ ഇല്ല. മറിച്ച്, അതിനെ ആദരിക്കുകയും, മഹത്വപ്പെടുത്തുകയും, അതിനെ നല്ല രീതിയിൽ ഉപകാരപ്പെടുത്തുകയും ശ്രവിക്കുകയും ചെയ്യുന്നവരാണവർ. അല്ലാഹു പറഞ്ഞു:

ബധിരൻമാരും അന്ധൻമാരുമായിക്കൊണ്ട് അതിൻമേൽ ചാടിവീഴാത്തവരുമാകുന്നു അവർ. അതായത്, അവർ റബ്ബിന്റെ വാക്കുകൾ

കേട്ടാൽ അത് കേൾക്കാത്തവനെ പോലെ തിരിഞ്ഞുകളയാതെ അത് ശ്രദ്ധിച്ച് കേൾക്കുകയും, അതിൽ നിന്നും ഉപദേശങ്ങൾ സ്വീകരിക്കുകയും, അതിലെ നിയമനിർദ്ദേശങ്ങൾ പാലിക്കുകയും ചെയ്യുന്നു.

ഖതാദ رضي الله عنه ഈ ആയത്തിനെ വിശദീകരിക്കവെ പറഞ്ഞു: "അവർ സത്യത്തിനെ കണ്ടില്ലാ എന്നോ, കേട്ടില്ലാ എന്നോ നടിക്കാതെ അല്ലാഹുവിന്റെ വാക്കുകൾ ഗ്രഹിക്കുകയും, അവന്റെ ഗ്രന്ഥത്തിൽ നിന്നും ശ്രവിച്ചത് ഉപകാരപ്പെടുത്തുന്നവരുമാണ് ' 7/2740 تفسير ابن أبي حاتم

അല്ലാഹുവിന്റെ വചനങ്ങൾക്ക് മേൽ അഹങ്കാരം നടിക്കുകയും, ദുരഭിമാനം കാരണത്താൽ തങ്ങളുടെ തിന്മകളിൽ തന്നെ തുടരുകയും ചെയ്യുന്നവരെ അല്ലാഹു ഖുർആനിലൂടെ ആക്ഷേപിക്കുകയും നരക ശിക്ഷയെ തൊട്ട് താക്കീത് നൽകുകയും ചെയ്തിട്ടുണ്ട്. അല്ലാഹു പറഞ്ഞു:

وَإِذَا قِيلَ لَهُ ٱتَّقِ ٱللَّهَ أَخَذَتْهُ ٱلْعِزَّةُ بِٱلْإِثْمِ ۚ فَحَسْبُهُۥ جَهَنَّمُ ۚ وَلَبِئْسَ ٱلْمِهَادُ ﴿٢٠٦﴾

[البقرة 206]

"അല്ലാഹുവെ സൂക്ഷിക്കുക എന്ന് അവരോട് ആരെങ്കിലും പറഞ്ഞാൽ ദുരഭിമാനം അവരെ പാപത്തിൽ പിടിച്ച് നിർത്തുന്നു. അവർക്ക് നരകം തന്നെ മതി. അത് എത്ര മോശമായ മെത്ത!"

നബി ﷺ പറഞ്ഞു:

**إنَّ أبغضَ الكلامِ إلى اللَّهِ أن يقولَ الرَّجلُ للرَّجلِ : اتَّقِ اللَّهَ ، فيقولُ عليكَ نفسَكَ**

"ഒരുത്തൻ മറ്റൊരാളോട് നീ അല്ലാഹുവിനെ സൂക്ഷിക്കണം എന്ന് പറയുമ്പോൾ 'നീ നിന്റെ കാര്യം നോക്ക്' എന്ന് (തിരിച്ചു) പറയുന്നതാണ് അല്ലാഹുവിന് ഏറ്റവും കോപമുള്ള സംസാരം." عمل اليوم و الليلة للنسائي وصححه الألباني في الصحيحة 2598

عنايتهم بالدعاء والتضرع لله

# അല്ലാഹുവിനോടുള്ള താഴ്മയും, അവനോടുള്ള പ്രാർത്ഥനയുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധയും

അല്ലാഹു ? പറയുന്നു:

وَٱلَّذِينَ يَقُولُونَ رَبَّنَا هَبْ لَنَا مِنْ أَزْوَٰجِنَا وَذُرِّيَّٰتِنَا قُرَّةَ أَعْيُنٍ وَٱجْعَلْنَا لِلْمُتَّقِينَ إِمَامًا ﴿٧٤﴾ [الفرقان74]

''ഞങ്ങളുടെ റബ്ബേ, ഞങ്ങളുടെ ഭാര്യമാരിൽ നിന്നും സന്തതികളിൽ നിന്നും ഞങ്ങൾക്ക് നീ കൺകുളിർമ നൽകുകയും തഖ്‌വ പാലിക്കുന്നവർക്ക് ഞങ്ങളെ നീ മാതൃകയാക്കുകയും ചെയ്യേണമേ എന്ന് പറയുന്നവരുമാകുന്നു അവർ.''

ഇബാദുർറഹ്മാനിന്റെ വിശേഷണമായി അല്ലാഹു കൊണ്ടുവന്ന അവസാന കാര്യമാണ് അവർ അല്ലാഹുവിനോടുള്ള പ്രാർത്ഥനയുടെ കാര്യത്തിൽ അതീവ ശ്രദ്ധാലുക്കളാണ് എന്നത്. അല്ലാഹുവിലേക്ക് തങ്ങൾ ആവശ്യക്കാരാണെന്ന തിരിച്ചറിവോടു കൂടി അവനിലേക്ക് മുന്നിടുന്നവരുമാണ് അവർ. അവരുടെ ദീനിന്റെയും, ദുനിയാവിന്റെയും എന്നു വേണ്ട സകല കാര്യങ്ങളുടെയും നന്മകൾ അവർ അല്ലാഹുവിൽ നിന്ന് മാത്രമാണ് പ്രതീക്ഷിക്കുന്നതും, തേടുന്നതും. അവർ അവനിൽ യാതൊന്നിനെയും പങ്കു ചേർക്കുകയില്ല.

മാത്രവുമല്ല, ദുആ ചെയ്യുമ്പോൾ ഏറ്റവും സമഗ്രവും ഉപകാരപ്രദവുമായ പ്രാർത്ഥനകൾ നടത്തുവാൻ അവർ പ്രയത്നിക്കുന്നു. അവരുടെ പ്രാർത്ഥനയായി അല്ലാഹു പറയുന്നു: ഞങ്ങളുടെ റബ്ബേ, ഞങ്ങളുടെ ഭാര്യമാരിൽ നിന്നും സന്തതികളിൽ നിന്നും ഞങ്ങൾക്ക് നീ കൺകുളിർമ നൽകുകയും തഖ്‌വ പാലിക്കുന്നവർക്ക് ഞങ്ങളെ നീ മാതൃകയാക്കുകയും ചെയ്യേണമേ...

ഈ പ്രാർത്ഥന വളരെ സമഗ്രവും ഏറെ പ്രയോജനകരവുമാണ്. കുടുംബവും മക്കളും അല്ലാഹുവിനെ ഭയപ്പെട്ടും, നന്മയിലുമായി നല്ല അവസ്ഥയിൽ അവരെ കാണുവാനും, അതിലൂടെ കൺകുളിർമ ലഭിക്കുവാനുമുള്ള പ്രാർത്ഥനയാണ് ഒന്നാമതായി ഇതിലുള്ളത്. പിന്നീട് അവർ പ്രാർത്ഥിക്കുന്നു: തഖ്‌വ പാലിക്കുന്നവർക്ക് ഞങ്ങളെ നീ

മാതൃകയാക്കുകയും ചെയ്യേണമേ. ഈ വാചകത്തിൽ സ്വയം നന്നാകുവാനും, ശേഷം മറ്റുള്ളവർക്ക് നന്മയുടെ കാര്യത്തിൽ മാതൃകയാകുവാനുമുള്ള തേട്ടം അടങ്ങിയിരിക്കുന്നു. കാരണം, സ്വയം നന്നാകാതെ ഒരുവന് മറ്റുള്ള സജ്ജനങ്ങൾക്ക് മാതൃകയാകുവാൻ സാധ്യമല്ല. അതുകൊണ്ട് നാം സ്വന്തത്തിന് നന്മകൾ ലഭിക്കുവാൻ പരിശ്രമിക്കുകയും, സ്വയം നന്നാവുകയും ചെയ്താൽ സജ്ജനങ്ങൾ നമ്മളെ പകർത്തുകയും, നമ്മിൽ നിന്നും ഉപകാരം എടുക്കുകയും ചെയ്യുന്നതാണ്.

ഈ ദുആഇൽ അടങ്ങിയ മഹത്തായ നന്മകൾ നേടിയെടുക്കാൻ ഓരോ മുസ്‌ലിമും തങ്ങളുടെ പ്രാർത്ഥനകളിൽ ഈ ദുആ ഉൾപ്പെടുത്തുവാനും, അത് ഉരുവിടുവാനും പരിശ്രമിക്കുക.

## സമാപനം

ഇബാദുർറഹ്‌മാനിന്റെ എട്ടോളം വിശേഷണങ്ങൾ വിവരിച്ച ശേഷം അവർക്കുള്ള മഹനീയ പ്രതിഫലത്തെ കുറിച്ച് പരാമർശിച്ചു കൊണ്ടാണ് അല്ലാഹു ആ ഭാഗം പൂർത്തീകരിക്കുന്നത്. അല്ലാഹു പറയുന്നു:

أُوْلَٰٓئِكَ يُجْزَوْنَ ٱلْغُرْفَةَ بِمَا صَبَرُواْ وَيُلَقَّوْنَ فِيهَا تَحِيَّةً وَسَلَٰمًا ﴿٧٥﴾ خَٰلِدِينَ فِيهَا ۚ حَسُنَتْ مُسْتَقَرًّا وَمُقَامًا ﴿٧٦﴾ [الفرقان 75-76]

''അത്തരക്കാർക്ക് തങ്ങൾ ക്ഷമിച്ചതിൻറെ പേരിൽ (സ്വർഗത്തിൽ) ഉന്നതമായ സ്ഥാനം പ്രതിഫലമായി നൽകപ്പെടുന്നതാണ്. അഭിവാദ്യത്തോടും സമാധാനാശംസയോടും കൂടി അവർ അവിടെ സ്വീകരിക്കപ്പെടുന്നതുമാണ്. അവർ അതിൽ നിത്യവാസികളായിരിക്കും. എത്ര നല്ല താവളവും പാർപ്പിടവും!''

അവരുടെ പ്രവർത്തനത്തിന്റെ അതേ ഇനത്തിൽ പെട്ട പ്രതിഫലമാണ് അവർക്ക് ലഭിക്കുക. അവർ ഉന്നതിയേറിയ സ്വഭാവ മേന്മകൾ സ്വീകരിച്ചു. അപ്രകാരം തന്നെ അല്ലാഹു അവർക്ക് സ്വർഗത്തിലെ അത്യുന്നത പദവി നൽകി ആദരിക്കുകയും ചെയ്തു. അവർക്ക് ലഭിക്കപ്പെടുന്ന സ്വർഗ്ഗത്തിലെ ഉന്നത പദവിയുടെ വിവരണമായി നബി ﷺ പറഞ്ഞു:

"إنَّ أَهْلَ الْجَنَّةِ يَتَراءَيُونَ أَهْلَ الْغُرَفِ مِنْ فَوْقِهِمْ، كَمَا يَتَراءَيُونَ الْكَوْكَبَ الدُّرِّيَّ الْغَابِرَ فِي الْأُفُقِ مِنَ الْمَشْرِقِ - أَوِ الْمَغْرِبِ - لِتَفَاضُلِ مَا بَيْنَهُمْ "

''കിഴക്കും, പടിഞ്ഞാറുമുള്ള വെട്ടിത്തിളുന്ന താരകങ്ങളെ നോക്കി കാണുന്നത് പോലെ സ്വർഗ നിവാസികൾ അവൾക്ക് മുകളിലുള്ള ഉന്നത പദവികളിൽ വിരസിക്കുന്നവരെ നോക്കി കാണുന്നതാണ്. അത്രമേൽ അന്തരം അവരുടെ പദവികൾക്കിടയിലുണ്ടാകുന്നത് മൂലമാണത്.''

البخاري 3256

വാനലോകത്ത് ഉയർന്ന് നിൽക്കുന്ന നക്ഷത്രങ്ങളെ ഇന്ന് നാം നോക്കുന്നത് പോലെ സ്വർഗവാസികൾ ഉന്നതമായ പദവികളിലുള്ളവരെ നോക്കാൻ ഉദ്ദേശിച്ചാൽ അവരുടെ തല ഉയർത്തി അവരെ നോക്കുന്നതാണ്. ഇത് അവരുടെ സ്വർഗ്ഗത്തിലെ പദവിയുടെയും, സ്ഥാനത്തിന്റെയും ഉയർച്ചയെ അറിയിക്കുന്ന കാര്യമാണ്. അല്ലാഹു പറയുന്നു: അഭിവാദ്യത്തോടും സമാധാനാശംസയോടും കൂടി അവർ അവിടെ സ്വീകരിക്കപ്പെടുന്നതുമാണ്. സകല ന്യൂനതകളിൽ നിന്നും, രോഗങ്ങളിൽ നിന്നും, പ്രയാസങ്ങളിൽ നിന്നുമുള്ള സുരക്ഷിതത്വമുണ്ടെന്ന് പറഞ്ഞ് മലക്കുകൾ അവരെ അഭിവാദ്യം ചെയ്തു സ്വീകരിക്കുന്നതാണ്.

അല്ലാഹുവിന്റെ നിർദ്ദേശങ്ങളെ സ്വികരിക്കുകയും, അവന് പൂർണ്ണമായ രീതിയിൽ ഇബാദത്തെടുക്കുകയും ചെയ്തത് കാരണത്താൽ അല്ലാഹു അവരെ ആദരിച്ച അവരുടെ പര്യവസാനം ഇതാണ്. അവസാനമായി അല്ലാഹു പറയുന്നു:

قُلْ مَا يَعْبَؤُا۟ بِكُمْ رَبِّى لَوْلَا دُعَآؤُكُمْ ۖ فَقَدْ كَذَّبْتُمْ فَسَوْفَ يَكُونُ لِزَامًۢا ﴿٧٧﴾

[الفرقان 77]

''നബിയേ, പറയുക: നിങ്ങളുടെ പ്രാർത്ഥനയില്ലെങ്കിൽ എൻറെ റബ്ബ് നിങ്ങൾക്ക് എന്ത് പരിഗണന നൽകാനാണ്?''

സൃഷ്ടികളെ പടക്കുവാൻ തന്നെ അല്ലാഹു ലക്ഷ്യമാക്കിയ അവന് വേണ്ടിയുള്ള ഇബാദത്തിലാണ് സർവ്വ വിജയവും, സൗഭാഗ്യവും എന്ന് ഈ ആയത്ത് നമ്മെ പഠിപ്പിക്കുന്നു.

ഇമാം ഇബ്നുൽ ഖയ്യിം رحمه الله പറഞ്ഞു:

ഈ ആയത്തിന്റെ അർത്ഥത്തിൽ ഏറ്റവും ശരിയായ അഭിപ്രായം ഇതാകുന്നു. അഥവാ; അല്ലാഹു അവനെ മാത്രം ആരാധിക്കാനല്ലാതെ നിങ്ങളെ സൃഷ്ടിച്ചിട്ടില്ല എന്നിരിക്കെ നിങ്ങൾ അവനെ മാത്രം ആരാധിച്ചിട്ടില്ല എങ്കിൽ എന്താണ് അല്ലാഹു നിങ്ങളോട് പ്രവർത്തിക്കുക.

ഇബാദുർറഹ്മാനിന്റെ വിശേഷണങ്ങൾ പകർത്തുവാൻ അല്ലാഹു നമുക്കേവർക്കും തൗഫീഖ് നൽകി അനുഗ്രഹിക്കട്ടെ. സത്യത്തിലും, നേർമാർഗത്തിലും, ഈമാനിലും അവൻ നമ്മെ ഉറപ്പിച്ചു നിർത്തുമാറാകട്ടെ.

**آمين والحمد لله رب العالمين وصلى الله على نبينا محمد وعلى آله وصحبه وسلم تسليما كثيرا دائما إلى يوم الدين.**